"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

31.03.1999 ന് പി.ഡി. ടീച്ചറായി വിരമിച്ച ശ്രീമതി എം. സഫിയ ബീവിക്ക് മസ്റ്ററിംഗ് ചെയ്യാൻ കഴിയാതെയിരുന്ന 01/08/2013 മുതൽ 31/12/2024 വരെയുള്ള കാലയളവിലെ പെൻഷൻ കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ(പെൻഷൻ ബി) വകുപ്പ്

G.O.(Rt)No.8937/2026/FIN തീയതി,തിരുവനന്തപുരം, 21-11-2026

പരാമർശം:-

1. ശ്രീമതി എം സഫിയ ബീവിയുടെ 28.06.2025 ലെ അപേക്ഷ
2. U O.(F) .505340/പെൻ-ബി4/2026-ധന, 3371056/PWC-A1/72/2025-FIN
3. 16.04.2026-ലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരമുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ (DHS) റിപ്പോർട്ട്.

   22.08.2026-ലെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്.
4. ട്രഷറി ഡയറക്ടറുടെ / ജില്ലാ ട്രഷറി ഓഫീസറുടെ റിപ്പോർട്ട്.
5. ട്രഷറി ഡയറക്ടറുടെ 17.07.2026 ലെ TRY/3814/2025-P1 നമ്പർ കത്ത്
6.

ഉത്തരവ്

31.03.1999-ൽ സർവീസിൽ നിന്നും വിരമിച്ച ശ്രീമതി എം. സഫിയ ബീവി (PPO No. 10805801) 01.04.1999 മുതൽ തിരുവനന്തപുരം പെൻഷൻ പേയ്മെന്റ് സബ് ട്രഷറി വഴി പെൻഷൻ കൈപ്പറ്റി വരികയായിരുന്നു. അക്യൂട്ട് ഡിമെൻഷ്യ, ശ്വാസതടസ്സം, ഉയർന്ന പ്രമേഹം, ഹൈപ്പർടെൻഷൻ തുടങ്ങിയ ഗുരുതരമായ രോഗങ്ങൾ കാരണം ശയ്യാവലംബിയായതിനാലും, പെൻഷൻ ബുക്ക് നഷ്ടപ്പെട്ടുപോയതിനാലും ടിയാൾക്ക് 01.08.2013 മുതൽ ലൈഫ് മസ്റ്ററിംഗ് നടത്താൻ സാധിച്ചില്ല. തുടർന്ന് 01.08.2013 മുതൽ പെൻഷൻ വിതരണം താൽക്കാലികമായി നിർത്തിവെച്ചു.

2. പിന്നീട് തിരുവനന്തപുരം RDO-യുടെ ഉത്തരവ് പ്രകാരം ഡ്യൂപ്ലിക്കേറ്റ് പെൻഷൻ ബുക്ക് ലഭ്യമാക്കുകയും, ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കി അക്കൗണ്ടന്റ് ജനറലിന്റെ (AG) Re-validation നേടി 01.01.2025 മുതൽ പെൻഷൻ വിതരണം പുനരാരംഭിക്കുകയും ചെയ്തു (നിലവിൽ 11-ാം ശമ്പള പരിഷ്കരണ പ്രകാരം ₹29,080/- അടിസ്ഥാന പെൻഷൻ നൽകിവരുന്നു).

3. മസ്റ്ററിംഗ് നടത്താതിരുന്ന 01.08.2013 മുതൽ 31.12.2024 വരെയുള്ള കാലയളവിലെ പെൻഷൻ കുടിശ്ശികയായി ആകെ **₹34,92,960/-** (എട്ട്, പതിനൊന്ന് ശമ്പള പരിഷ്കരണ കുടിശ്ശികകളും ക്ഷാമാശ്വാസ കുടിശ്ശികയും ഉൾപ്പെടെ) അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷക സമർപ്പിച്ച നിവേദനവും, പരമർശം 3 മുതൽ 5 വരെയുള്ള റിപ്പോർട്ടുകളും സർക്കാർ വിശദമായി പരിശോധിച്ചു.

4. KSR ഭാഗം III ചട്ടം 135 പ്രകാരം മൂന്ന് വർഷത്തിൽ കൂടുതൽ കൈപ്പറ്റാത്ത പെൻഷൻ (Undrawn Pension) നൽകുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി (Special Sanction) ആവശ്യമാണ്. പ്രസ്തുത വിഷയത്തിൽ ബഹു. ഹൈക്കോടതിയുടെ OP(KAT) No. 313/2013 (23.05.2024) വിധിന്യായവും പ്രസക്തമാണ്.

5. മസ്റ്ററിംഗ് നടത്താതിരുന്ന 01/08/2013 മുതൽ 31/12/2024 വരെയുള്ള കാലയളവിലെ പെൻഷൻ കുടിശ്ശിക ₹34,92,960/- (8-ാം പരിഷ്കരണ കുടിശ്ശിക: ₹31,20,179/-, 11-ാം പരിഷ്കരണ കുടിശ്ശിക: ₹3,41,496/-, ക്ഷാമാശ്വാസ കുടിശ്ശിക: ₹31,285/-) രൂപയാണെന്ന് സൂചന 2 പ്രകാരം ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകയ്ക്ക് 80 വയസ്സിൽ കൂടുതൽ പ്രായമുള്ളതിനാലും, അക്യൂട്ട് ഡിമെൻഷ്യ ഉൾപ്പെടെയുള്ള രോഗങ്ങളാൽ ശയ്യാവലംബിയായിരുന്നു എന്ന വസ്തുത മെഡിക്കൽ ബോർഡ് റിപ്പോർട്ടിലൂടെ ബോധ്യപ്പെട്ടതിനാലും, മാനുഷിക പരിഗണനയോടെ KSR ഭാഗം III ചട്ടം 135, ചട്ടം 123(iii) എന്നിവ പ്രകാരം സർക്കാരിന്റെ പ്രത്യേക അനുമതി (Special Sanction) നൽകി, ശ്രീമതി എം. സഫിയ ബീവിക്ക് 01.08.2013 മുതൽ 31.12.2024 വരെയുള്ള കാലയളവിലെ പെൻഷൻ കുടിശ്ശികയായ **₹34,92,960/-** (രൂപ മുപ്പത്തിനാല് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി തൊള്ളായിരത്തി അറുപത് മാത്രം) അനുവദിക്കുന്നതിന് KSR Part III Rule 135, Rule 123(iii) പ്രകാരം ട്രഷറി ഡയറക്ടർക്ക് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. ഇതുയുടെ കൃത്യത ട്രഷറി ഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANUPAMA T V I A S
SECRETARY

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പെൻഷൻ പെയ്മെന്റ് ട്രഷറി, തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ

ശ്രീമതി എം സഫിയ ബീവി, മയൂരം, ടി സി 30/233, വി ആർ എ 44എ, മണ്ണാമ്മൂല, പേരൂർക്കട പി ഒ, തിരുവനന്തപുരം - 5

നോഡൽ ഓഫീസർ (www.finance.kerala.gov.in)

കരുതൽ ഫയൽ (E 3220603/EDN-A3/270/2025-FIN)

ഉത്തരവിൻ പ്രകാരം
Digitally signed by Sujeev S J
Date: 23-11-2026 10:32:34
സെക്ഷൻ ഓഫീസർ